പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4159 12.11.2019 ലെ മറുപടിക്ക്

**വനിത കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ആകെ എത്ര വനിത കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്ന വിവിധ തരത്തിലുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | എ) കയർ വികസന വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴ പ്രോജക്ടിന്റെ പരിധിയിൽ 5 വനിത കയർ സഹകരണ സംഘങ്ങളും കായംകുളം പ്രോജക്ടിന്റെ പരിധിയിൽ 2 വനിത കയർ സഹകരണ സംഘങ്ങളും ഉൾപ്പെടെ ആകെ 7 വനിതാ കയർ സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾക്ക് ചുവടെ ചേർത്തിരിക്കുന്ന സ്കീമുകൾ പ്രകാരം ധനസഹായം നൽകിവരുന്നു.<br><br>1. വരുമാനം ഉറപ്പാക്കൽ പദ്ധതി<br>2. മാനേജീരിയൽ സബ്സിഡി<br>3. പ്രോഡക്ഷൻ & മാർക്കറ്റിംഗ് ഇൻസന്റീവ്<br>4.അടിസ്ഥാന സൗകര്യ വികസനം<br>5. വർക്കിംഗ് ക്യാപ്പിറ്റൽ<br>6. സർക്കാർ ഓഹരി പങ്കാളിത്തം<br>7. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ ചകിരി വിതരണവും ന്യായവില ഉറപ്പാക്കി കയർ സംഭരണവും. |
| ബി) കോഴിക്കോട് ജില്ലയിൽ അപേക്ഷ സമർപ്പിച്ചിട്ട് ഇതുവരെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവാത്ത എത്ര അപേക്ഷകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ? | ബി) കോഴിക്കോട് ജില്ലയിൽ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ച എലങ്കമൽ വനിതാ കയർ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാനുണ്ട്. ടി അപേക്ഷയിൽ സംഘത്തിന്റെ കരട് ബൈലാ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ